LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 3924 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആരോഗ്യവകുപ്പ്	-	2237
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	-	717
ഡ്രഗ്സ് കൺട്രോളർ	-	34
ഹോമിയോപ്പതി ഡയറക്ടറേറ്റ്	-	446
ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്	-	131
ഭാരതീയ ചികിത്സാവകുപ്പ്	-	356
ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം	-	3

(സി) 4113 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പ്	-	3512
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	-	349
ഹോമിയോപ്പതി ഡയറക്ടറേറ്റ്	-	109
ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്	-	58
ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	-	51
ഭാരതീയ ചികിത്സാവകുപ്പ്	-	34

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

7 (2557) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(സി) സ്പെഷ്യാലിറ്റി കേഡറിൽ ഇവിടെ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) താലൂക്ക് ആശുപത്രിയായി എന്നത്തേക്ക് പ്രവർത്തിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി സി.എച്ച്.സി.-യുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) 'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

8 (2559) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിലെയും സ്പെഷ്യാലിറ്റി ആശുപത്രികളിലെയും സ്റ്റാഫ് പാറ്റേൺ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലാണ് സ്റ്റാഫ് പാറ്റേണനുസരിച്ചുള്ള തസ്തികകൾ ഉള്ളത് ; ജില്ലയിലെ ഓരോ താലൂക്കാശുപത്രികളിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ ഒഴിഞ്ഞു കിടക്കുന്നവയും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജാശുപത്രിക്കായി എത്ര തസ്തികകൾ, ഏതൊക്കെ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവയിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തി ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് നിയമിക്കപ്പെട്ടവർ എവിടെയാണ് ജോലി ചെയ്യുന്നത്;

(ഡി) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly